## SPC ജില്ലാതല സമ്മർ ക്യാമ്പ് – 2017

# "ശുഭയാത്ര"- ട്രാഫിക് ബോധവൽക്കരണ റാലി

കാക്കിയണിഞ്ഞ കേഡറ്റുകളെ റോഡിൽ കണ്ടപ്പോൾ ഡ്രൈവർമാർക്ക് ആദ്യം അമ്പരപ്പായിരുന്നു. അവരോടൊപ്പം പോലീസ്, മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെ ക്കൂടി കണ്ടപ്പോൾ ആകാംക്ഷ ഇരട്ടിച്ചു. ഹെൽമറ്റ് വെക്കാത്തവർ, സീറ്റ് ബെൽറ്റ് ഇടാത്തവർ, അമിത വേഗതയിൽ വാഹനമോടിച്ചവർ എന്നിവരെയൊന്നും കേഡറ്റുകൾ വിട്ടില്ല. ട്രാഫിക് നിയമങ്ങൾ പാലിക്കണമെന്ന അഭ്യർത്ഥനയ്ക്കൊപ്പം ട്രാഫിക് നിയമങ്ങൾ അടങ്ങിയ ലഘുലേഖകൾ വിതരണം ചെയ്താണ് നിയമം ലംഘിച്ചവരെ യാത്രയാക്കിയത്. റോഡ് നിയമങ്ങൾ കൃത്യമായി പാലിച്ചവർക്ക് മധുരവും സമ്മാനങ്ങളും നൽകാനും കേഡറ്റുകൾ മറന്നില്ല.

പെരുമ്പാവൂരിൽ വച്ച് നടക്കുന്ന എറണാകുളം റൂറൽ ജില്ല സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ ജില്ലാക്യാമ്പിന്റെ ഭാഗമായിട്ടായിരുന്നു ട്രാഫിക് ബോധവൽക്കരണപരിപാടി സംഘടിപ്പിച്ചത്. **ശുഭയാത്ര** എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയുടെ തുടക്കം കുറിച്ചു കൊണ്ടു നടന്ന റോഡ് സുരക്ഷാ ബോധവൽക്കരണ റാലി എസ്പിസി ജില്ലാ നോഡൽ ഓഫീസറും ഡിസിആർബി ഡിവൈഎസ്പിയുമായ ഷീൻ തറയിൽ ഫ്ളാഗ് ഓഫ് ചെയ്തു.

മൂവാറ്റുപുഴ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എ.കെ.ശശികുമാറിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥർ ബോധവൽക്കരണപരിപാടിക്ക് നേതൃത്വം നൽകി. കേഡറ്റുകളെ നാലു ടീമുകളായി തിരിച്ച് അധ്യാപകരുടേയും പോലീസ് ഉദ്യോഗസ്ഥരുടേയും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരുടേയും ഒപ്പം നാലു മേഖലകളിലാണ് പരിശോധനയും ബോധവൽക്കരണപരിപാടിയും സംഘടിപ്പിച്ചത്. പെരുമ്പാവൂർ പട്ടാൽ, മലമുറി, പാറക്കാട്ടുതാഴം, വല്ലം എന്നിവിടങ്ങളിലായിരുന്നു പരിശോധന. മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരായ ജോയിന്റ് ആർ.ടി.ഒ എൻ.സി അജിത്ത് കുമാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായ അരുൺ സി.ഡി. സമീർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അയ്യപ്പദാസ് പി.ഡി. എന്നിവർ പങ്കെടുത്തു.

ജില്ലാകളക്ടർ കെ. മുഹമ്മദ് വൈ സഫറുള്ള ഐ.എ.എസ്, എറണാകുളം റൂറൽ എസ്.പി എ.വി ജോർജ്ജ് ഐ.പി.എസ്, കെ.ജി ശ്രീജിത്ത് പണിക്കർ, മേരി അനിത, റി

ട്ട.എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.ബീന എന്നിവർ ക്ലാസുകൾ നയിച്ചു. എ.ഡി.എൻ.ഒ ഷാജിമോൻ എ.പി, സിനിമാതാരം ഭഗത് മാനുവൽ കേഡറ്റുകളുമായി സംവദിച്ചു. ക്യാമ്പിന്റെ ഭാഗമായി പി.ടി, പരേഡ്, കൂട്ടയോട്ടം, കളരി പരിശീലനം എന്നിവയുണ്ടായിരുന്നു. പരിസ്ഥിതി പഠനത്തിന്റെ ഭാഗമായി വനം വകുപ്പിന്റെ സഹകരണത്തോടെ കേഡറ്റുകൾ കപ്രിക്കാട് അഭയാരണ്യം സന്ദർശിച്ചു. ദുരന്തനിവാരണസേനാംഗങ്ങൾ പ്രകൃതി ദുരന്തങ്ങളെയും അടിയന്തിരസാഹചര്യങ്ങളെയും നേരിടുന്ന വിധം മോക്ഡ്രില്ലിലൂടെ കുട്ടികളെ പരിശീലിപ്പിച്ചു.

പെരുമ്പാവൂർ ഗവൺമെന്റ് ബോയ്സ് ഹയർസെക്കന്ററി സ്ക്കൂളിൽ കഴിഞ്ഞ നാലു ദിവസമായി നടന്നു വരുന്ന ക്യാമ്പിൽ അഞ്ഞൂറോളം കുട്ടികളും നൂറോളം വരുന്ന അദ്ധ്യാപകരും പോലീസ് ഉദ്യോഗസ്ഥരുമാണ് പങ്കെടുക്കുന്നത്. ക്യാമ്പ് സമാപനത്തോടനുബന്ധിച്ച് (29.4.2017) രാവിലെ എഴരയ്ക്ക് കേഡറ്റുകളുടെ സെറിമോണിയൽ പരേഡ് നടക്കും. പെരുമ്പാവൂർ എം.എൽ.എ എൽദോസ് കുന്നപ്പിള്ളി പരേഡിൽ അഭിവാദ്യം സ്വീകരിക്കും.






SRI BALAJI
B.ABARNA
TN.52
C.0896